## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3103

23.03.2015 - ൽ
മറുപടിക്ക്

### കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ

ചോദ്യം
ശ്രീ.എം.വി.ശ്രേയാംസ് കുമാർ

മറുപടി
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്തെ കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ: എങ്കിൽ വിശദമാക്കുമോ;

എ) സംസ്ഥാനത്തെ കൃഷി ഫാമുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

1. ഫാമുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ. അതിരുകൾ തിട്ടപ്പെടുത്തി ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.
2. ജലസേചനം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
3. ഫാമുകളിൽ നിലവിലുള്ള ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.
4. 11 കൃഷി ഫാമുകളിൽ ഡെയറി യൂണിറ്റുകൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതുമൂലം ജൈവ വളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നുണ്ട്.
5. ശാക്തീകരണത്തിലും ആധുനികവൽക്കരണത്തിലും, സൗന്ദര്യ വൽക്കരണത്തിലും ഫാമുകളുടെ ഇടയിൽ മത്സര ബുദ്ധി ഉളവാക്കുന്നതിനു കാര്യക്ഷമവും ഉൽപ്പാദന മേഖലയിൽ മികവും കാട്ടുന്ന ഫാമുകൾക്ക് സമ്മാനം ഏർപ്പെടുത്തിയിട്ടുണ്ട്.
6. ജില്ലാ ഫാം ഉപദേശക സമിതിയിൽ ജില്ലാ പഞ്ചായത്ത് മെമ്പർമാരെയും ഉൾപ്പെടുത്തി പുനസംഘടിപ്പിച്ചിട്ടുണ്ട്.
7. ജൈവകൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള കൃഷി രീതി ഫാമുകളിൽ നടപ്പിലാക്കി വരുന്നുണ്ട്.
8. നടീൽ വസ്തുക്കളുടെ ഉൽപ്പാദനത്തിൽ (പഴവർഗ്ഗങ്ങളുടെ ഗ്രാഫ്റ്റ്, ലെയറുകൾ, തൈകൾ, പച്ചക്കറി തൈകൾ, കുറിയ ഇനം തെങ്ങിൻതൈകൾ, ടിഷ്യുകൾച്ചർ തൈകൾ) ഗണ്യമായ വർദ്ധന വരുത്തുന്നതിന് ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ബി) പ്രസ്തുത ഫാമുകളിൽ ഡെയറി യൂണിറ്റുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

ബി) ജൈവ വളത്തിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി കൃഷി വകുപ്പിന്റെ ഫാമുകളിൽ പശുവളർത്തൽ കേന്ദ്രങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

1. ഇതിൻപ്രകാരം തിരുവനന്തപുരം ജില്ലയിലെ ജില്ലാ കൃഷിത്തോട്ടം-പെരിങ്ങമ്മല, ചിറയിൻകീഴ് സ്റ്റേറ്റ് സീഡ് ഫാം, ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാം എന്നിവിടങ്ങളിൽ പശുവളർത്തൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

2. പത്തനം തിട്ട ജില്ലയിലെ പന്തളം ഷുഗർ കെയിൻ സീഡ് ഫാമിൽ 50 -ലധികം പശുക്കളുള്ള ഒരു ഡെയറി യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിക്കുന്നു. പുല്ലാട് സീഡ് ഫാം, അടൂർ സീഡ് ഫാം എന്നിവയിലും പശുവളർത്തൽ കേന്ദ്രങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

3. എറണാകുളം ജില്ലയിലെ ആലുവ സ്റ്റേറ്റ് സീഡ് ഫാമിൽ ഡെയറി യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങികഴിഞ്ഞു.

4. കണ്ണൂർ ജില്ലയിലെ വേങ്ങോട് സ്റ്റേറ്റ് സീഡ് ഫാമിലും, കാങ്കോൽ സ്റ്റേറ്റ് സീഡ് ഫാമിലും പശുവളർത്തൽ കേന്ദ്രങ്ങൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

5. കാസർഗോഡ് ജില്ലയിലെ പുല്ലൂർ ഫാമിൽ 18 പശുക്കളുള്ള ഡെയറി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ പശുവളർത്തൽ കേന്ദ്രങ്ങൾ ഫാമിൽ തുടങ്ങുന്നതിന് പ്രോജക്ട് ജില്ലാ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ നടപടികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്. തൃശ്ശൂർ ജില്ലയിൽ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

4 ഫാമുകളിലായി 20 ലക്ഷം രൂപയുടെ പ്രോജക്ട് മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന് അനുമതി ലഭിച്ചിട്ടുണ്ട്. നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. കോഴിക്കോട് ജില്ലയിലെ കൂത്താളി ജില്ലാ കൃഷിത്തോട്ടത്തിൽ 20 പശുക്കൾക്കുള്ള തൊഴുത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി നടപടികൾ ഉടൻ പൂർത്തിയാക്കുന്നതാണ്.

| | |
|---|---|
| സി) ജൈവകൃഷിക്ക് പ്രാധാന്യം നൽകി-ക്കൊണ്ടുള്ള കൃഷി രീതി പ്രസ്തുത ഫാമുകളിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവ കൃഷി രീതിയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ